പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3841 26/06/2012 ൽ മറുപടിയ്ക്ക്

## വഖഫ് ബോർഡ് നൽകുന്ന സ്കോളർഷിപ്പുകളും വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ബഹു:വ്യവസായവും, വിവരസാങ്കേതികവും വകുപ്പ് മന്ത്രി ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി | |
| (എ) | 1995–ലെ വഖഫ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര വഖഫുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) | 1995 ലെ വഖഫ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് 6765 വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീയതിക്കു ശേഷം 31–03–2012 വരെ പുതുതായി എത്ര വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | 31.03.2012 വരെ 1296 വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വഖഫ് ബോർഡുവഴി ഇപ്പോൾ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും അതു ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദീകരിക്കാമോ ; | (സി) | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം വഖഫ് സ്ഥാപനങ്ങളിൽ ജോലി ചെയതിട്ടുള്ള/ജോലി ചെയ്ത് വരുന്ന മുദ്രിസ് ( പണ്ഡിതൻ), ഇമാം/മദ്രസ്സ അദ്ധ്യാപകൻ, ഖാദിം (മുക്രി) എന്നീ വിഭാഗങ്ങളിൽപെട്ടവർക്ക് പെൻഷൻ, നിർധനരായ യുവതികളുടെ വിവാഹം,മാരകമായ രോഗങ്ങൾക്കുള്ള ചികിൽസ എന്നിവയ്ക്കാണ് നിലവിൽ സഹായം നൽകിവരുന്നത്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഏതെങ്കിലും വഖഫ് സ്ഥാപനത്തിൽ |

അംഗത്വമുള്ളതും പ്രതിവർഷം 22,000/-രൂപയിൽ താഴെ വരുമാനമുള്ളവർക്കാണ് സഹായത്തിന് അർഹതയുള്ളത് പ്രതിമാസ പെൻഷൻ ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധനകളൊടൊപ്പം 60 വയസ്സ് പൂർത്തിയാകുകയും, കൂടാതെ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ തുടർച്ചയായ 10 വർഷത്തെ സേവനവും ആവശ്യമാണ്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അമ്പതിൽ കൂടുതൽ അന്തേവാസികളുള്ളതുമായ യതീംഖാനകൾക്ക് 2011-2012 സാമ്പത്തിക വർഷം കമ്പ്യൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ബോർഡുവഴി നൽകിവരുന്ന സ്കോളർഷിപ്പുകൾ മതവിദ്യാർത്ഥികൾക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കാം |

Thulup

സെക്ഷൻ ഓഫീസർ